# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 370

## 04.02.2020 - ലെ മറുപടിയ്ക്ക്

സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഫണ്ടുകളുടെ നിക്ഷേപം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | | ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | സർക്കാർ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും അവരുടെ കൈവശമുള്ള ഫണ്ടുകൾ നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദവിവരം നൽകാമോ ; | ഉണ്ട്, സർക്കാർ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും അവരുടെ കൈവശമുള്ള സർക്കാരിതര തനത് ഫണ്ടുകൾ നിക്ഷേപിക്കുന്നതിന് സർക്കുലർ നം.77/2018/ധന തീയതി 21/08/2018 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ, മദ്രസ്സാദ്ധ്യാപകർക്ക് വായ്പ നൽകുന്നതിന് അനുവദിച്ച ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കാതെ രണ്ട് ബാങ്കുകളിൽ നിക്ഷേപിച്ചത് ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടിയാണോ എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ശേഷിച്ച ഓഹരി മൂലധനം ട്രഷറിയിൽ നിക്ഷേപിക്കാതെ രണ്ട് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിനായി ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി നേടിയിരുന്നില്ല. മദ്രസ്സാദ്ധ്യാപകർക്ക് വായ്പ അനുവദിച്ച ഫണ്ട് വേറിട്ട ബാങ്കുകളിൽ നിക്ഷേപിച്ചിട്ടില്ല. |
| (സി) | പ്രസ്തുത നിക്ഷേപം നടത്തിയത് നിയമാനുസൃതമല്ലായെങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | സ്ഥാപനങ്ങളുടെ തനത് ഫണ്ടുകൾ ബാങ്കുകളിൽ നിക്ഷേപിക്കുന്നത് സർക്കുലർ നം.77/2018/ധന തീയതി 21/08/2018 പ്രകാരം നിയമാനുസൃതമാണ്. സർക്കാർ ഗ്രാന്റ് ബാങ്കുകളിൽ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തിരുത്തുന്നതിനുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്. |

Manju C

സെക്ഷൻ ഓഫീസർ